19.09.21 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 23-03-1988

# ഹൃദയേശ്വരനായ ബാബയുടെ ഹൃദയസിംഹാസനധാരി കുട്ടികളുടെ ലക്ഷണങ്ങൾ

ഇന്ന് ഹൃദയേശ്വരനായ ബാബ തന്റെ ഹൃദയത്തിന് ഏറ്റവും ഇഷ്ടപ്പെട്ട കുട്ടികളെ മിലനം ചെയ്യാൻ വന്നിരിക്കുന്നു. ഹൃദയേശ്വരനായ ബാബയുടെ പ്രിയപ്പെട്ട കുട്ടികൾ അർത്ഥം ആരുടെ ഹൃദയത്തിലാണോ സദാ ദിലാരാമന്റെ ഓർമ്മയുടെ മധുരമായ നാദം സ്വതവേ മുഴങ്ങി കൊണ്ടിരിക്കുന്നത്, അങ്ങനെയുള്ള കുട്ടികൾ ബാബയുടെ ഹൃദയത്തെ തന്റെ സ്നേഹത്തിന്റെ നാദത്തിലൂടെ ജയിക്കുന്നവരാണ്. ദിലാരാമനായ ബാബയും അങ്ങനെയുള്ള കുട്ടികളുടെ മഹിമ പാടുന്നു. അതിനാൽ ബാബയുടെ ഹൃദയത്തെ ജയിക്കുന്നവർ തന്നെയാണ് സ്വതവേ മായാജീത്ത്, ജഗത്ജീത്താകുന്നത്. പരിധിയുള്ള രാജ്യത്തിന്റെ അധികാരിയാകുന്നു, ജയിക്കുക അർത്ഥം സിംഹാസനധാരിയാകുക. അതേപോലെ ബാബയുടെ ഹൃദയ സിംഹാസനത്തെ ജയിക്കുന്നവർ സ്വതവേ സദാ സിംഹാസനധാരിയാകുന്നു. അവരുടെ ഹൃദയത്തിൽ സദാ ബാബയുണ്ട്, ബാബയുടെ ഹൃദയത്തിൽ സദാ വിജയി കുട്ടികളാണ്. അങ്ങനെ ഹൃദയത്തെ ജയിക്കുന്ന കുട്ടികൾ ഓരോ ശ്വാസത്തിലും അർത്ഥം ഓരോ സെക്കന്റിലും ബാബയും സേവനവുമല്ലാതെ മറ്റൊരു ഗീതവും പാടില്ല. സദാ ഒരേയൊരു ഗീതം തന്നെ മുഴങ്ങുന്നു- എന്റെ ബാബ, ഞാൻ ബാബയുടേത്. ഇവരെയാണ് ദിലാരാമനായ ബാബയുടെ ഹൃദയ സിംഹാസനത്തെ ജയിച്ച കുട്ടികൾ എന്ന് പറയുന്നത്.

ബാപ്ദാദ ഓരോ പ്രിയപ്പെട്ട കുട്ടികളുടെ മധുരമായ നാദം സദാ കേട്ടു കൊണ്ടിരിക്കുന്നു- വ്യത്യസ്തമായ നാദമാണോ അതോ ഒരേയൊരു നാദമാണോ? ഇടയ്ക്ക് ചിലർ തന്റെ ബലഹീനതകളുടെയും പാട്ട് പാടുന്നു, ഇടയ്ക്ക് ബാബയുടെ ഗീതത്തിന് പകരം സ്വന്തം ഗീതം പാടുന്നു. ബാബയുടെ മഹിമയോടൊപ്പം തന്റെ മഹിമയും സ്വയം ചെയ്യുന്നു. ബാബയിൽ നിങ്ങളുണ്ട് അർത്ഥം ബാബയുടെ മഹിമയിൽ നിങ്ങളുടെ മഹിമയുമുണ്ട്. യഥാർത്ഥമായ നാദം ബാബയുടെ ഗീതം പാടുക തന്നെയാണ് ശ്രേഷ്ഠമായ നാദം. ഹൃദയ സിംഹാസനത്തെ ജയിച്ച കുട്ടികളുടെ ഓരോ ചുവടിലും, ദൃഷ്ടിയിലും, വാക്കിലും, സംബന്ധ സമ്പർക്കത്തിലും സർവ്വർക്കും ബാബ തന്നെ കാണപ്പെടും. മുഖം അവരുടേതാണെങ്കിലും ശക്തിശാലി സ്നേഹം നിറഞ്ഞ വാക്ക് സ്വതവേ തന്നെ ബാബയെ പ്രത്യക്ഷമാക്കും- ഈ വാക്ക് ആത്മാവിന്റേതല്ല എന്നാൽ ശ്രേഷ്ഠമായ അധികാരി അർത്ഥം സർവ്വശക്തിവാന്റെ വാക്കാണ്. ഇവരുടെ ദൃഷ്ടിയുടെ ആത്മീയത ആത്മാക്കളെ ബാബയുടെ അനുഭവം ചെയ്യിക്കുന്നതായിരിക്കും, ഇവരുടെ ഓരോ ചുവടിലും പരമാത്മ ശ്രേഷ്ഠ നിർദ്ദേശത്തിന്റെ ചുവടുണ്ട്, ഇവർ സാധാരണ വ്യക്തിയല്ല എന്നാൽ അവ്യക്ത ഫരിസ്ഥയാണ്- ഇങ്ങനെയുള്ള അനുഭവം ചെയ്യിപ്പിക്കുന്നവരെയാണ് പറയുന്നത് ഹൃദയത്തെ ജയിച്ചവർ തന്നെ ജഗത്തിനെയും ജയിച്ചവർ.

വാണിയിലൂടെ അനുഭവം ചെയ്യിക്കുക എന്നത് സാധാരണ വിധിയാണ്. വാണിയിലൂടെ പ്രഭാവം ചെലുത്തുന്നവർ ലോകത്തിലും അനേകമുണ്ട്. എന്നാൽ നിങ്ങളുടെ വാക്കിന്റെ വിശേഷതയാണ്- നിങ്ങളുടെ വാക്ക് ബാബയുടെ ഓർമ്മ നല്കണം. ബാബയെ പ്രത്യക്ഷമാക്കുന്നതിന്റെ സിദ്ധി ആത്മാക്കൾക്ക് സത്ഗതിയിലേക്കുള്ള മാർഗ്ഗം കാണിക്കണം. ഇത് നിർമ്മോഹത്വമാണ്. നിങ്ങളുടെ മഹിമ ചെയ്തുവെങ്കിൽ വളരെ നല്ലത്, വാക്കകുളുടെ കല അഥവാ അധികാരത്തിന്റെ വാക്കുകൾ- ഇത് മറ്റാത്മാക്കളുടെ മഹിമയിലും കാണാറുണ്ട്. എന്നാൽ നിങ്ങളുടെ വാക്കുകൾ ബാബയുടെ മഹിമ അനുഭവം ചെയ്യിക്കണം. ഈ വിശേഷത പ്രത്യക്ഷതയുടെ കർട്ടൺ തുറക്കുന്നതിനുള്ള സാധനമാണ്. അതിനാൽ ആരുടെ ഹൃദയത്തിലാണൊ സദാ ദിലാരാമനുള്ളത്, അവരുടെ മുഖത്തിലൂടെയും ഹൃദയത്തിന്റെ ശബ്ദം ദിലാരാമനെ സ്വതവേ തന്നെ പ്രത്യക്ഷമാക്കും. അതിനാൽ ഇത് ചെക്ക് ചെയ്യൂ- ഓരോ ചുവടിലും, വാക്കിലും എന്നിലൂടെ ബാബയുടെ പ്രത്യക്ഷതയുണ്ടാകുന്നു, എന്റെ വാക്ക് ബാബയുമായി സംബന്ധം യോജിപ്പിക്കുന്ന രീതിയിലുള്ള വാക്കുകളാണോ? കാരണം ഇപ്പോൾ അന്തിമ സേവനത്തിന്റെ പാർട്ട് തന്നെ പ്രത്യക്ഷതയുടെ കൊടി പറത്തുക എന്നതാണ്. എന്റെ ഓരോ കർമ്മം ശ്രേഷ്ഠ കർമ്മത്തിന്റെ ഗതി കേൾപ്പിക്കുന്ന ബാബയെ പ്രത്യക്ഷമാക്കുന്നതാണോ? ആരുടെ ഹൃദയത്തിലാണൊ സദാ ബാബയുള്ളത് അവർ സ്വതവേ തന്നെ ബാബയെ പ്രത്യക്ഷമാക്കുന്ന സമീപം അർത്ഥം സമാനമായ കുട്ടിയാണ്.

നാല് ഭാഗത്തും ഇപ്പോൾ ഈ ശബ്ദം മുഴങ്ങണം- എന്റെ ബാബ, ബ്രഹ്മാകുമാരിമാരുടെ ബാബയല്ല, എന്റെ ബാബ. ഈ ശബ്ദം മുഴങ്ങുമ്പോൾ പരംധാമിന്റെ ഗേറ്റ് തുറക്കപ്പെടും കാരണം എന്റെ ബാബ എന്ന് പറയുമ്പോഴാണ് മുക്തിയുടെ സമ്പത്ത് ലഭിക്കുന്നത്, നിങ്ങളോടൊപ്പം അഥവാ ബാബയോടൊപ്പം

പോകാം അഥവാ പിന്നാലെ പോകാം പക്ഷെ സർവ്വർക്കും തിരികെ പോകുക തന്നെ വേണം, തീർച്ച യായും കൊണ്ടു പോകും. എന്റെ ബാബ വന്നു കഴിഞ്ഞു– കുറഞ്ഞത് ഈ ശബ്ദം ചെവികളിലൂടെ കേൾക്കുന്നതിനും, ബുദ്ധിയിലൂടെ അറിയുന്നതിന്റെയും അധികാരിയാകട്ടെ ആരും വഞ്ചിക്കപ്പെടരുത്. വിശ്വത്തിന്റെ ബാബയാണ്, അതിനാൽ വിശ്വത്തിലെ ആത്മാക്കൾക്ക് അത്രയും അനുഗ്രഹം നൽകണമ ല്ലോ. നിങ്ങൾ സാഗരത്തെ വിഴുങ്ങി എന്നാൽ അവർ ഒരു തുള്ളിക്ക് വേണ്ടി ദാഹിക്കുന്നു, അവർക്ക് ആ ഒരു തുള്ളി പ്രാപ്തമാക്കി തരില്ലേ. ഇതിന് വേണ്ടി എന്ത് ചെയ്യണം? ഓരോ ചുവട്, ഓരോ വാക്ക്, ബാബയെ പ്രത്യക്ഷമാക്കുന്നതായിരിക്കണം. എങ്കിൽ ഈ ശബ്ദം മുഴങ്ങും. അതിനാൽ ഇങ്ങനെയുള്ള ബാബയെ പ്രത്യക്ഷമാക്കുന്ന കുട്ടികൾക്കേ ദിലാരാമന്റെ ഹൃദയത്തിലെ പ്രിയപ്പെട്ട കുട്ടികൾ എന്ന് പറയാൻ സാധിക്കൂ. അവരുടെ ഹൃദയത്തിൽ നിന്ന് ഒരേയൊരു ബാബയുടെ ശബ്ദം മുഴങ്ങുന്നു. അപ്പോൾ അങ്ങ നെയുള്ള പ്രിയപ്പെട്ട കുട്ടികളായില്ലേ?

ഒരു പാട്ട് പാടൂ എങ്കിൽ മറ്റ് ഗീതങ്ങൾ സ്വതവേ സമാപ്തമാകും. കേവലം രണ്ട് ശബ്ദങ്ങളിൽ സന്തോഷ വാർത്ത കേൾപ്പിക്കൂ– ഓ കെ. ആത്മീയ സംഭാഷണം ചെയ്യൂ. മറ്റ് ഗീതം കേൾപ്പിക്കുന്നതിനായി സമയം നല്കാതിരിക്കൂ,സമയം എടുക്കാതിരിക്കൂ. സന്തോഷ വാർത്ത കേൾപ്പിക്കുന്നതിൽ സമയം അധികം ആകു ന്നില്ല എന്നാൽ രാമ കഥ (വ്യർത്ഥം) കേൾപ്പിക്കുന്നതിൽ സമയമെടുക്കുന്നു. ബാപ്ദാദ അങ്ങനെയുള്ള കാര്യങ്ങളെ രാമ കഥയെന്ന് പറയുന്നു, കൃഷ്ണ കഥയെന്ന് പറയില്ല. ഇത് 14 കലകളുള്ളവരുടെ കഥയാ ണ്, 16 കലയുള്ളവരുടേതല്ല.. രാമ കഥ പറയുന്നവരല്ലല്ലോ?

ഇപ്പോൾ സേവനം വളരെ അവശേഷിച്ചിട്ടുണ്ട്. ഇപ്പോൾ എന്താണ് ചെയ്തിട്ടുള്ളത്? ചിന്തിക്കൂ, 550 കോടി ആത്മാക്കളുണ്ട്, കുറഞ്ഞത് ഒരു തുള്ളിയെങ്കിലും നല്കൂ, പക്ഷെ നല്കുക തന്നെ വേണം. നിങ്ങളുടെ ഭക്തരാകട്ടെ, നിങ്ങളുടെ പ്രജകളാകട്ടെ. ദേവതയായാൽ നല്കുക തന്നെ വേണം. ഭക്തിയിൽ ദേവനായി പൂജിക്കില്ലേ. ഇപ്പോൾ നല്കിയാലേ ദേവതയാണെന്ന് മനസ്സിലാക്കി പൂജിക്കുകയുള്ളൂ. എന്തെങ്കിലും പ്രാപ്തി യുണ്ടായാലേ പ്രജകളും അംഗീകരിക്കുകയുള്ളൂ. വെറുതെ മാതാ പിതാവാണെന്ന് പറഞ്ഞാൽ എങ്ങനെ അംഗീകരിക്കും? രാജാവും മാതാ പിതാവ് തന്നെയാണ്. രണ്ട് രീതിയിലുടെ ദാതാവിന്റെ മക്കൾ ദാതാ വായി നല്കണം. എന്നാൽ നല്കി കൊണ്ട് ദാതാവിന്റെ ഓർമ്മ നല്കണം. മനസ്സിലായോ എന്താണ് ചെയ്യേണ്ടതെന്ന്? വിദേശത്തിൽ അഥവാ ദേശത്തിൽ ഇത്രയും സേവാകേന്ദ്രങ്ങൾ തുറന്നു, വളരെയധി കം സെന്ററുകളായി എന്ന് മനസ്സിലാക്കരുത്. എന്നാൽ ദയാമനസ്കനായ ബാബയുടെ കുട്ടികളല്ലേ. സർവ്വരും തന്റെ ദാഹിച്ചിരിക്കുന്ന, അലയുന്ന സഹോദരി സഹോദരൻമാരുടെ മേൽ ദയ കാണിക്കണം, ആർക്കും പരാതിയുണ്ടാകരുത്. ശരി.

വിദേശത്ത് നിന്നും വളരെ പ്രിയതമകൾ വന്നിട്ടുണ്ട്. വളരെ പേർ വരുമ്പോൾ വീതിക്കേണ്ടി വരുമല്ലോ. സമയത്തെയും വീതിക്കേണ്ടി വരുന്നു. രാത്രിയെ ദിനമാക്കുന്നുണ്ട്, പിന്നെന്ത് ചെയ്യും. ഇതിലും മഹാദാ നിയാകൂ. ബാബയുടെ സ്നേഹം നമ്പർവാറായിട്ടും ഏറ്റവും നമ്പർ വൺ ആണ്. ബാബയ്ക്ക് എന്നോട് സ്നേഹം കുറവാണ്, അവരോട് കൂടുതലാണ് എന്ന് ഒരിക്കലും മനസ്സിലാക്കരുത്. അല്ല. ഏറ്റവും കൂടുത ലാണ്. വാക്കുകളിൽ ചിലപ്പോൾ മറ്റുള്ളവരോട് കൂടുതൽ സംസാരിക്കുന്നു. ചിലപ്പോൾ കുറവും. എന്നാൽ ഹൃദയത്തിന്റെ സ്നേഹം വാക്കുകളിൽ പങ്കിട്ടു പോകുന്നില്ല. ബാബയുടെ ദൃഷ്ടിയിൽ ഓരോ കുട്ടിയും നമ്പർ വൺ ആണ്. ഇപ്പോൾ നമ്പർ ഔട്ടായിട്ടില്ല. ഔട്ടാകുന്നത് വരെ എല്ലാവരും നമ്പർ വൺ ആണ്, ആർക്ക് വേണമെങ്കിലും നമ്പർ വൺ ആകാം. കേൾപ്പിച്ചില്ലേ– ബ്രഹ്മാവാണ് സദാ നമ്പർവൺ. എന്നാൽ ഫസ്റ്റ് ഡിവിഷൻ– ബാബയോടൊപ്പം ഫസ്റ്റ് നമ്പറിൽ വരിക അർത്ഥം ഫസ്റ്റ് ഡിവിഷൻ. അവരെ തന്നെ യാണ് നമ്പർവൺ എന്ന് പറയുന്നത്. അതിനാൽ അന്തിമ റിസൽട്ട് പുറത്ത് വരുന്നത് വരെ, ബാപ്ദാദാ യ്ക്കറിയാം വർത്തമാന സമയത്തിനനുസരിച്ച് ലാസ്റ്റാണെങ്കിലും ലാസ്റ്റാണെന്ന് മനസ്സിലാക്കുന്നില്ല. എപ്പോൾ വേണമെങ്കിലും ലാസ്റ്റിൽ നിന്നും ഫസ്റ്റാകാൻ സാധിക്കും, അവസരമുണ്ട്. ഇടയ്ക്കിടയ്ക്ക് എന്താണ് സംഭവിക്കുന്നത്– വളരെ തീവ്രതയോടെ പോകുന്നവർ സമീപത്തെത്തുമ്പോൾ ക്ഷീണിക്കുന്നു, അപ്പോൾ നിന്നു പോകുന്നു എന്നാൽ പതുക്കെ പതുക്കെ പോകുന്നവർ, ഒരിക്കലും നിൽക്കില്ല, തന്റേതായ രീതിയി ലൂടെ മുന്നോട്ടു പോകുന്നു. അവർ എത്തി ചേരുന്നു അതിനാൽ ഇപ്പോൾ ബാബയുടെ ദൃഷ്ടിയിൽ സർവ്വരും നമ്പർവൺ ആണ്. റിസൾട്ട് ഔട്ടാകുമ്പോൾ പറയും– ഇവർ ലാസ്റ്റ്, ഇവർ ഫസ്റ്റ് എന്ന്. ഇപ്പോൾ പറയാൻ സാധിക്കില്ല അതു കൊണ്ട് കേവലം സ്വയത്തിൽ നിശ്ചയം വച്ച് പറന്നു പോകൂ.

ബാപ്ദാദയ്ക്ക് മുന്നോട്ടുയരുന്നവരോടെല്ലാം ഹൃദയത്തിന്റെ സ്നേഹം ഉണ്ട്. ഇടയ്ക്ക് രണ്ട് ശബ്ദം മറ്റു ള്ളവരോട് കുറച്ച് പറഞ്ഞുവെങ്കിൽ സ്നേഹമില്ലായെന്നല്ല. ഹൃദയത്തിലും ബാബയുടെ സ്നേഹത്തിന്റെ

ശ്രേഷ്ഠമായ ശുഭ കാമനകൾ സദാ നിറഞ്ഞിരിക്കുന്നു. രണ്ട് വാക്കുകളും പറയുന്നു- പറന്നു പോകൂ. അപ്പോൾ ഇതിലും സ്നേഹത്തിന്റെ സാഗരൻ അടങ്ങിയിരിക്കുന്നു. ബാബ എന്നെ കൂടുതൽ സ്നേഹിക്കുന്നുവെന്ന് ആർക്കും പറയാൻ സാധിക്കില്ല. ആരെങ്കിലും അങ്ങനെ പറയുകയാണെങ്കിൽ നിങ്ങൾ പറയൂ- നിങ്ങളേക്കാൾ കൂടുതൽ എന്നെ സ്നേഹിക്കുന്നുവെന്ന്. ഹൃദയത്തെ സന്തോഷിപ്പിക്കാൻ വേണ്ടിയല്ല പറയുന്നത്. ബാബയ്ക്കറിയാം എത്രയോ കാലം അലഞ്ഞു നടന്ന, ക്ഷീണിച്ച, ആശയക്കുഴപ്പത്തിൽപ്പെട്ട കുട്ടികൾ വീണ്ടും 5000 വർഷങ്ങൾക്ക് ശേഷം ലഭിച്ചിരിക്കുന്നു. ബാബ അന്വേഷിച്ച് കണ്ട് പിടിച്ചു. കിഴക്ക്, പടിഞ്ഞാറ്. തെക്ക്. വടക്ക്- എല്ലായിടത്ത് നിന്നും കണ്ടെത്തി. അപ്പോൾ ആരെയാണൊ തിരഞ്ഞ് കണ്ട് പിടിച്ചത് അവരോട് എത്ര സ്നേഹമുണ്ടായിരിക്കും. ഇല്ലായെങ്കിൽ അന്വേഷിക്കുക പോലുമുണ്ടാകില്ല. സാഗരത്തിന്റെയടുത്ത് സ്നേഹത്തിന് കുറവുണ്ടായിരിക്കുമോ? ഇത് ദിലാരാമനിയാം- ഓരോരുത്തരുടെയും ഹൃദയത്തിന്റെ സ്നേഹം എത്ര എന്ന്. എന്ത് തന്നെയായാലും സ്നേഹത്തിലും സർവ്വരും പാസാണ്. ബാബയിൽ നിന്നും സ്നേഹത്തിന്റെ സർട്ടിഫിക്കറ്റ്, ഇത് ബാബ നേരത്തെ തന്നെ നല്കി കഴിഞ്ഞു. ശരി.
നാനാ ഭാഗത്തുമുള്ള അതി സ്നേഹം നിറഞ്ഞ ഹൃദയത്തിന്റെ നാദം കേൾപ്പിക്കുന്ന ദിലാരാമന്റെ ഹൃദയത്തിന് പ്രിയപ്പെട്ട കുട്ടികൾക്ക്, സദാ ഓരോ കർമ്മത്തിൽ അച്ഛനെ പ്രത്യക്ഷമാക്കുന്ന മക്കൾ, സദാ ഓരോ വാക്കുകളിലൂടെ, ബാബയുമായി സംബന്ധം യോജിപ്പിക്കുന്ന, സദാ തന്റെ ആത്മീയ ദൃഷ്ടിയിലൂടെ ആത്മാക്കളെ ബാബയുടെ അനുഭവം ചെയ്യിക്കുന്ന, അങ്ങനെയുള്ള ബാബയെ പ്രത്യക്ഷമാക്കുന്ന, ബാബയുടെ ഹൃദയ സിംഹാസനധാരിയായ, മായാജീത്ത്, ജഗത്ത് ജീത്തായ കുട്ടികൾക്ക് ദിലാരാമനായ ബാബയുടെ സ്നേഹ സ്മരണയും നമസ്തേ.

**വ്യക്തിഗതമായ മിലനം**

1) ഓർമ്മയുടെ ശക്തി സദാ ഓരോ കാര്യത്തിലും മുന്നോട്ടുയർത്തുന്നതാണ്. ഓർമ്മയുടെ ശക്തി സദാ ശക്തിശാലിയാക്കുന്നു. ഓർമ്മയുടെ ശക്തിയുടെ അനുഭവം സർവ്വ ശ്രേഷ്ഠമായ അനുഭവമാണ്. ഇതേ ശക്തി സർവ്വ സർവ്വ കാര്യത്തിലും സഫലതയുടെ അനുഭവം ചെയ്യിക്കുന്നു. ഇതേ ശക്തിയുടെ അനുഭവത്തിലൂടെ മുന്നോട്ടുയരുന്ന ആത്മാവാണ്- ഇത് സ്മൃതിയിൽ വച്ച് എത്രത്തോളം മുന്നോട്ടുയരാൻ ആഗ്രഹിക്കുന്നുവൊ അത്രയും മുന്നോട്ടുയരാം. ഇതേ ശക്തിയിലൂടെ വിശേഷ സഹയോഗം പ്രാപ്തമായി കൊണ്ടിരിക്കും.

2) സദാ ഓരോ കാര്യം ചെയ്യുമ്പോഴും സ്വയം സാക്ഷി സ്ഥിതിയിൽ സ്ഥിതി ചെയ്ത് കാര്യം ചെയ്യിക്കുന്ന നിർമ്മോഹി ആത്മാവാണ് എന്ന അനുഭവം ചെയ്യുന്നുണ്ടോ? സാക്ഷി സ്ഥിതി ഓരോ കാര്യവും സദാ സഹജമായി തന്നെ സഫലമാക്കുന്നു. സാക്ഷി സ്ഥിതി എത്ര പ്രിയപ്പെട്ട സ്ഥിതിയാണ്. സാക്ഷിയായി കാര്യം ചെയ്യുന്ന ആത്മാവ് സദാ നിർമ്മോഹിയും ബാബയ്ക്ക് പ്രിയപ്പെട്ടതുമാണ്. അതിനാൽ ഇതേ അഭ്യാസത്തിലൂടെ കർമ്മം ചെയ്യുന്ന അലൗകീക ആത്മാവാണ്, അലൗകീക അനുഭവം ചെയ്യുന്ന, അലൗകീക ജീവിതം, ശ്രേഷ്ഠ ജീവിതം നയിക്കുന്ന ആത്മാവാണ് എന്ന ലഹരിയുണ്ടല്ലോ? കർമ്മം ചെയ്തും ഈ അഭ്യാസത്തെ വർദ്ധിപ്പിക്കൂ. ഇതേ അഭ്യാസം കർമ്മാതീത സ്ഥിതിയെ പ്രാപ്തമാക്കിക്കും. ഈ അഭ്യാസത്തെ സദാ വർദ്ധിപ്പിച്ച്, കർമ്മം ചെയ്തും നിർമ്മോഹിയും ബാബയ്ക്ക് പ്രിയപ്പെട്ടവരുമാകണം. ഇവരെയാണ് ശ്രേഷ്ഠ ആത്മാവ് എന്ന് പറയുന്നത്.

3) സദാ ശ്രേഷ്ഠ ഖജനാക്കളാൽ സമ്പന്നമായ ആത്മാവാണ്- ഇങ്ങനെയുള്ള അനുഭവം ചെയ്യുന്നുണ്ടോ? അളവറ്റ ഖജനാക്കളാൽ സമ്പന്നമായിരിക്കുന്നവർക്ക് എത്ര ആത്മീയ ലഹരിയുണ്ടായിരിക്കും! സദാ സർവ്വ ഖജനാക്കളാൽ സമ്പന്നമാണ് എന്ന ആത്മീയ സന്തോഷത്തിലൂടെ മുന്നോട്ട് പോകൂ- സർവ്വ ഖജനാക്കൾ കൊണ്ട് ആത്മാക്കളെ ഉണർത്തി അവരെ സാഥിയാക്കുകയാണെങ്കിൽ സമ്പന്നവും ശക്തിശാലി ആത്മാവുമായി മുന്നോട്ടുയർന്നു കൊണ്ടിരിക്കും.

4) ബാബ ചെയ്യുന്നവനും ചെയ്യിക്കുന്നവനുമായി ചെയ്യിച്ചു കൊണ്ടിരിക്കുന്നു, ഞാൻ നിമിത്തമാണ് എന്ന സ്മൃതി സദാ ബുദ്ധിയിലുണ്ടല്ലോ? നിമത്തമായി ചെയ്യുന്നവർ സദാ ഭാര രഹിതമായിരിക്കും കാരണം ഉത്തരവാദിത്വം ചെയ്യുന്നവനും ചെയ്യിക്കുന്നവനുമായ ബാബയ്ക്കാണ്. ഞാൻ ചെയ്യുന്നു എന്ന സ്മൃതി വരുമ്പോഴാണ് ഭാരമുണ്ടാകുന്നത്, ബാബ ചെയ്യിപ്പിക്കുന്നു എങ്കിൽ ഭാര രഹിതമായിരിക്കും. ഞാൻ നിമിത്തമാണ്, ചെയ്യിപ്പിക്കുന്നവൻ ചെയ്യിച്ചു കൊണ്ടിരിക്കുന്നു, നടത്തിക്കുന്നവൻ നടത്തിച്ചു കൊണ്ടിരിക്കുന്നു- അങ്ങനെയുള്ളവരെയാണ് നിശ്ചിന്ത ചക്രവർത്തി എന്ന് പറയുന്നത്. അപ്പോൾ ചെയ്യിപ്പിക്കുന്നവൻ ചെയ്യിച്ചു കൊണ്ടിരിക്കുന്നു. ഈ വിധിയിലൂടെ സദാ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കൂ.

5) ബാബയുടെ ഛത്രച്ഛായയിലിരിക്കുന്ന(കുടക്കീഴ്) ശ്രേഷ്ഠ ആത്മാവാണ്- ഈ അനുഭമുണ്ടാകണം. ഇപ്പോൾ ഛത്രച്ഛായയിലിരിക്കുന്നവർ തന്നെയാണ് ഛത്രധാരിയാകുന്നത്.(കിരീടധാരി). അതിനാൽ ഛത്ര ച്ഛായയിലിരിക്കുന്ന ഭാഗ്യവാനായ ആത്മാവാണ് എന്ന സന്തോഷമുണ്ടല്ലോ. ഛത്രച്ഛായ തന്നെയാണ് സുര ക്ഷയുടെ സാധനം. ഈ ഛത്രച്ഛായക്കുള്ളിൽ ആർക്കും വരാനാകില്ല. ബാബയുടെ ഛത്രച്ഛായക്കുള്ളിലാ ണ്- ഈചിത്രം സദാ മുന്നിൽ വയ്ക്കൂ.

6) സദാ തന്റെ ആത്മീയ ഫരിസ്ഥ സ്വരൂപം സ്മൃതിയിലുണ്ടോ? ബ്രാഹ്മണനിൽ നിന്നും ഫരിസ്ഥ, ഫരിസ്ഥ യിൽ നിന്നും ദേവത- ഈ ചോദ്യത്തിന് ഉത്തരം ലഭിച്ചില്ലേ. പരിഹാരം കണ്ടെത്താനറിയാമല്ലോ. സെക്കന്റിൽ ബ്രാഹ്മണൻ തന്നെ ദേവത, ദേവത വീണ്ടും ചക്രം കറങ്ങി കറങ്ങി ബ്രാഹ്മണൻ, വീണ്ടും ദേവത. അതിനാൽ ഞാൻ തന്നെയായിരുന്നു അത് എന്ന കാര്യം സദാ ബുദ്ധിയിലുണ്ടോ? ഈ ചോദ്യത്തിന്റെ ഉത്തരം കണ്ടെത്തുന്നവർക്ക് സമ്മാനം ലഭിക്കുന്നു. അപ്പോൾ സമ്മാനം ലഭിച്ചില്ലേ. ഇപ്പോൾ ലഭിക്കുന്നത് ഭാവി യിൽ പോലും ലഭിക്കില്ല. സമ്മാനമായി എന്താണ് ലഭിച്ചത്? സ്വയം ബാബയെ ലഭിച്ചു, ബാബയുടേതായി. ഭാവിയിലെ രാജ്യ പദവിക്ക് മുന്നിൽ ഈ പ്രാപ്തി എത്ര ഉയർന്നതാണ്. അതിനാൽ സദാ സമ്മാനം നേടുന്ന ശ്രേഷ്ഠ ആത്മാവാണ് എന്ന ലഹരിയിലും സന്തോഷത്തിലുമൂടെ സദാ മുന്നോട്ട് പൊയ്ക്കൊ ണ്ടിരിക്കൂ. ചോദ്യവും സമ്മാനവും രണ്ടും സദാ സ്മൃതിയിലുണ്ടെങ്കിൽ സ്വതവേ മുന്നോട്ടുയർന്നു കൊണ്ടി രിക്കും.

7) ദൃഢത സഫലതയുടെ താക്കോലാണ്- എന്ന വിധിയിലൂടെ അഭിവൃദ്ധി പ്രാപ്തമാക്കുന്ന ശ്രേഷ്ഠ ആത്മാവാണ് എന്ന അനുഭവമുണ്ടാകുന്നില്ലേ. ദൃഢ സങ്കല്പത്തിന്റെ വിശേഷത കാര്യത്തെ സഹജമായി സഫലമാക്കി വിശേഷ ആത്മാവാക്കുന്നു, ഏതൊരു കാര്യത്തിലും വിശേഷ ആത്മാവായി മാറുമ്പോൾ സർവ്വരുടെയും ആശീർവാദം സ്വതവേ ലഭിക്കുന്നു. സ്ഥൂലത്തിൽ ആരും ആശീർവാദം നല്കില്ല എന്നാൽ ഇത് സൂക്ഷ്മമാണ്, ഇതിലൂടെ ആത്മാവിലും ശക്തി നിറയുന്നു, സ്വ ഉന്നതിയിൽ സഹജമായി സഫലത പ്രാപ്തമാകുന്നു. അതിനാൽ സദാ ദൃഢതയുടെ മഹാനതയിലൂടെ സഫലത പ്രാപ്തമാക്കുന്ന, സർവ്വരു ടെയും ആശീർവാദം നേടുന്ന ശ്രേഷ്ഠ ആത്മാവാണ് എന്ന സ്മൃതിയിലൂടെ സദാ മുന്നോട്ട് പോകൂ.

## വരദാനം- ആത്മീയതയുടെ സുഗന്ധത്തിന്റെ ആധാരത്തിൽ സർവ്വർക്കും പരമാത്മ സന്ദേശം നല്കുന്ന വിശ്വ മംഗളകാരിയായി ഭവിക്കട്ടെ.

ആത്മീയതയുടെ സർവ്വ ശക്തികളും സ്വയത്തിൽ ധാരണ ചെയ്യൂ എങ്കിൽ ആത്മീയതയുടെ സുഗന്ധം സഹജമായി തന്നെ അനേക ആത്മാക്കളെ തന്റെ നേർക്ക് ആകർഷിക്കുന്നു. മനസ്സാ ശക്തിയിലൂടെ പ്രകൃ തിയെ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാക്കുന്നു അതേപോലെ വിശ്വത്തിലെ അന്യാത്മാക്കൾ ആർക്കൊക്കെ നിങ്ങളുടെ മുന്നിൽ വരാൻ സാധിക്കുന്നില്ലയോ, അവർക്ക് ദൂരെയിരുന്നും നിങ്ങൾക്ക് ആത്മീയതയുടെ ശക്തിയിലൂടെ ബാബയുടെ പരിചയം അഥവാ മുഖ്യമായ സന്ദേശം നല്കാൻ സാധി ക്കും. ഈ സൂക്ഷ്മ മെഷിനറി തീവ്രമാക്കൂ എങ്കിൽ അനേകം അലയുന്ന ആത്മാക്കൾക്ക് സന്ദേശം ലഭി ക്കും, നിങ്ങൾ വിശ്വ മംഗളകാരി എന്ന പറയപ്പെടും.

## സ്ലോഗൻ- തന്റെയടുത്ത് ശുദ്ധം അഥവാ ശ്രേഷ്ഠമായ സങ്കല്പം പ്രത്യക്ഷമാക്കി വയ്ക്കൂ എങ്കിൽ വ്യർത്ഥം സ്വതവേയില്ലാതാകും.

**സൂചന-** ഇന്ന് മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ച്ച, അന്താരാഷ്ട്ര യോഗാ ദിനമാണ്, ബാബയുടെ എല്ലാ കുട്ടികളും സന്ധ്യക്ക് 6.30 മുതൽ 7.30 വരെ വിശേഷിച്ച് തന്റെ നിരാകാരി സ്വരൂപത്തിൽ സ്ഥിതി ചെയ്ത്, ശാന്തിധാമമായ വീട്ടിൽ പരമാത്മ ശക്തികളെ അനുഭവം ചെയ്തും മുഴുവൻ ഗ്ലോബിനും സകാശ് നല്കുന്നതിനുള്ള സേവനം ചെയ്യൂ.